
കേരള സാഹിത്യ അക്കാദമി
കോവിലൻ സ്മരണ
പ്രകാശനം
ദേശം
കണ്ടാണശ്ശേരി
വട്ടംപറമ്പിൽ
വേലപ്പൻ
അയ്യപ്പൻ

കേരള സാഹിത്യ അക്കാദമി ആപ്പീസ്,
തൃശൂർ - 02.06.2011

പത്രക്കുറിപ്പ്:

# കോവിലൻ തമസ്കരിക്കപ്പെട്ട എഴുത്തുകാരനല്ല

ഡോ.സുകുമാർ അഴീക്കോട്

പരിഭാഷചെയ്യപ്പെട്ട് ഇംഗ്ലണ്ടിലെത്തിയാലേ വിശ്വസാഹിത്യമാവൂ എന്ന് വിശ്വസിക്കുന്ന വിമർശകന്മാർ പറഞ്ഞുപരത്തിയ തെറ്റിദ്ധാരണയാണ് കോവിലൻ തമസ്കരിക്കപ്പെട്ടു എന്നതെന്ന് ഡോ.സുകുമാർ അഴീക്കോട് പ്രസ്താവിച്ചു. കേരള സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ സംഘടിപ്പിച്ച കോവിലൻസ്മരണയും പുസ്തകപ്രകാശനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രാഷ്ട്രീയജീവിതത്തിൽ അവഗണന ഉണ്ടാകാമെങ്കിലും സാഹിത്യത്തിൽ അതുണ്ടാവില്ല. ഏത് സ്ഥിതിവിവരക്കണക്ക് നിരത്തിയാലും കോവിലൻ തമസ്കരിക്കപ്പെട്ടു എന്നത് ഒരു യാഥാർത്ഥ്യമല്ല. യൂറോപ്പിലേയും അമേരിക്കയിലേയും പ്രൊഫസർമാർ ശമ്പളവർദ്ധനവിനായി പടച്ചുണ്ടാക്കു ന്ന തിസീസുകൾ അന്തിമമായ ദിവ്യവചനമായി സ്വീകരിക്കുന്ന അടിമത്തം മലയാളിക്കുണ്ട്. കപടവും കൃത്രിമവുമായ അത്തരം മാനദണ്ഡങ്ങൾവെച്ച് അളക്കുന്നവർ കോവിലനെ കാണാതെപോയിരിക്കാം. എന്നാൽ നിരന്തരവായനയിലൂടെ പുനരുദ്ധരിക്കപ്പെടുന്ന കോവിലൻ കൃതികൾ ആസ്വാദനത്തിന്റെ മധുരഫലങ്ങളാണ് മലയാളിക്ക് സമ്മാനിച്ചത്. പെട്ടെന്ന് മനസ്സിലാവുന്ന ശൈലിയിൽ എഴുതപ്പെടുന്ന കൃതികൾ സമകാലീനതയിൽ എളുപ്പം തങ്ങിനിൽക്കുമെങ്കിലും ക്ലാസ്സിക് മൂല്യമുള്ള കൃതികൾ കാലമെടുത്താലും സഹൃദയരിലെത്താതിരിക്കില്ല. സാഹിത്യമീമാംസകൾ പറയുന്ന പരിഷ്കൃതഭാഷയിലല്ല, ഫോക്‌ലോറിൽ മാത്രം പ്രചാരമുള്ള നാടോടിഭാഷയിൽ കോവിലൻ എഴുതി. മണ്ണിലേയ്ക്ക് മടങ്ങുക എന്ന ഏത് എഴുത്തുകാരനുമുള്ള ശിരോലിഖിതം മലയാളത്തിൽ അർത്ഥപൂർണ്ണമായി സാക്ഷാത്കരിച്ച കോവിലൻസാഹിത്യത്തെ നൂറ് വർഷങ്ങൾ കഴിഞ്ഞാലും പുതിയ തലമുറ പുതിയ അർത്ഥങ്ങൾകൊണ്ട് വീണ്ടെടുക്കും. സി.വി.രാമൻപിള്ളയെ ഒരു നൂറ്റാണ്ടിനുശേഷം വലിയ നോവലിസ്റ്റായി നാം അംഗീകരിക്കുന്നതുപോലെയും ഷേക്സ്പിയർ അദ്ദേഹത്തിന്റെ മരണശേഷം രണ്ടര നൂറ്റാണ്ടുകൾ കഴിഞ്ഞ് വിശ്വമഹാകവിയായി അംഗീകരിക്കപ്പെട്ടതുപോലെയും നിഘണ്ടുവിൽ ഇല്ലാത്ത നാടോടിവാക്കുകൾ സമൃദ്ധമായി പ്രയോഗിച്ച് തട്ടകത്തിന്റെ കഥകളെഴുതിയ കോവിലൻ കാലത്തെ അതിജീവിക്കുക തന്നെ ചെയ്യും-അഴീക്കോട് അഭിപ്രായപ്പെട്ടു.

അക്കാദമി പ്രസിദ്ധീകരിച്ച രാവുണ്ണി എഡിറ്റുചെയ്ത **ദേശം കണ്ടാണശ്ശേരി വട്ടംപറമ്പിൽ വേലപ്പൻ അയ്യപ്പൻ** എന്ന പഠനഗ്രന്ഥം ഡോ.പി.വി.കൃഷ്ണൻനായർക്ക് നൽകി അഴീക്കോട് പ്രകാശനം ചെയ്തു. ജീവിതത്തിന്റെ മൂല്യവിചാരം എഴുത്തിൽ ആവശ്യമില്ലെന്ന് എഴുത്തുകാർ പ്രചരിപ്പിക്കുന്ന ഒരു കാലത്ത് കോവിലൻ മനുഷ്യനുവേണ്ടി ആദ്യാവസാനം നിലകൊണ്ട എക്കാലത്തേയും ഒറിജിനലായ എഴുത്തുകാരനാണെന്ന് അക്കാദമി പ്രസിഡണ്ട് പി.വത്സല അദ്ധ്യക്ഷപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. പട്ടാളക്കാരനായ കോവിലൻ മനുഷ്യമനസ്സിലെ യുദ്ധക്കളങ്ങളാണ് കൃതികളായി നമുക്ക് തന്നത്. ലഘുവായ കഥപറച്ചിൽശൈലികൊണ്ട് കഥയെ ഒരു മാർക്കറ്റ് ഉല്പന്നമാക്കി മാറ്റിയില്ല അദ്ദേഹം. ഭാഷയുടെ ആദിമസ്രോതസ്സായ മന്ത്രങ്ങളുടെ ശക്തി എന്താണെന്ന് എഴുത്തിലൂടെ തെളിയിച്ച കോവിലന് മനുഷ്യന്റെ സ്ഥാനം ഊട്ടിയുറപ്പിക്കാനുള്ള മഹത്തായ അന്വേഷണമായിരുന്നു സാഹിത്യമെന്ന് പി.വത്സല കൂട്ടിച്ചേർത്തു.

ജീവിതത്തിന്റെയും കാലത്തിന്റെയും മിടിപ്പുകളുടെ തോറ്റങ്ങളാണ് കോവിലൻസാഹിത്യം എന്ന് അനുസ്മരണപ്രഭാഷണം നടത്തിയ വൈശാഖൻ പറഞ്ഞു.

കെ.എ.മോഹൻദാസ് പുസ്തകപരിചയം നടത്തി. രാവുണ്ണി മറുപടിപ്രസംഗം നിർവഹിച്ചു. ലളിതാലെനിൻ സ്വാഗതവും പുഷ്പജൻ കനാരത്ത് നന്ദിയും പറഞ്ഞു.

പുഷ്പജൻ കനാരത്ത്
സെക്രട്ടറി-ഇൻ-ചാർജ്ജ്